# ഒരു ലോക്ഡൗൺ അപാരത

അതിജീവനത്തിന്റെ നാൾവഴികളും. പെയ്തൊഴിയുന്ന കണ്ണീർമഴയും കണ്ട് 'GOD's OWN COUNTRY' ഇന്ന് മുന്നേറിക്കൊണ്ടിരിക്കുന്നു. ലോകത്തിലെ തന്നെ വമ്പൻ സമ്പന്ന രാഷ്ട്രങ്ങൾ തകർന്നടിയാൻ തുടങ്ങിയിരിക്കുമ്പോൾ ഇന്ത്യയുടെ തോടുകളും നെൽപ്പാടങ്ങളും. അറബിക്കടലിന്റെയും ഇന്ത്യൻ മഹാസമുദ്രത്തിന്റെയും, പശ്ചിമഘട്ടത്തിന്റെയും മാറിടത്തിൽ പറ്റി-ച്ചേർന്ന് നാം COVID-19 എന്ന മഹാമാരിക്കെതിരെ പൊരുതുനിൽപ്പ് തുടരുകയാണ്. ക്ഷണിക്കാതെ നമ്മുടെ ഇടയിലേക്ക് വന്ന ആ അതിഥി ഇന്ന് പല രാഷ്ട്രങ്ങളെയും അടക്കി ഭരിക്കാൻ തുടങ്ങിയിരിക്കുന്നു. സഹനത്തിന്റെ പര്യായമായ യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പു തിരുനാളും, പൊൻപുലരി തൂകുമാറായിരുന്ന ഒരു വിഷുക്കാലവും ഈ കൊറോണ ചൂടിൽ നമ്മൾ മറന്നു പോയിരിക്കുന്നു. വർഷത്തിലൊരിക്കൽ കിട്ടുന്ന കൈനീട്ടമെന്ന പടക്കവും വെള്ളത്തിലായി.

പരീക്ഷാചൂടിൽ നിന്ന് അൽപമൊന്ന് ആശ്വാസമായി എന്ന് ആശ്വസിച്ച നാം വിദ്യാർത്ഥികൾ ഇന്ന് കൊറോണയുടെ ചൂടിൽ വീട്ടിലിരുന്ന് വേര് മുളച്ചു! "പാപി ചെല്ലുന്നിടം പാതാളം തന്നെ". ആരാണ് പാപി എന്ന് ആലോചിച്ചു. തലപുകഞ്ഞെങ്കിലും, കാരണം പഴഞ്ചൊല്ലിൽ പതിരില്ല. പുറത്തിറങ്ങി ശുദ്ധവായു പരക്കാൻ തുടങ്ങിയപ്പോൾ അത് അനുഭവിക്കാനാകാതെ കൂട്ടിലകപ്പെടുന്നു പറഞ്ഞാൽ മതിയല്ലോ!... തൃശ്ശൂർ പൂരം ഇക്കൊല്ലം നടന്നില്ലെങ്കിലും social media-കളിൽ ട്രോളന്മാരുടെ പൂരം ഉന്നതങ്ങളിലെത്തി. ടി.വി തുറന്നാൽ അവിടത്തെയും ഇവിടത്തെയും കൊറോണ വാർത്തകൾ, പുറമേ സെൻസിന്റെ ഭാഗത്ത് ട്രോളന്മാരുടെ വിളയാട്ടം കൂടം നിറയ്ക്കുന്നുണ്ട്. ജനപ്രിയ പരമ്പരകൾ നിലച്ചതോടെ [illegible]മൊന്നാശ്വാസമായി. ഇല്ലെങ്കിൽ സന്ധ്യയാകുമ്പോൾ തുടങ്ങുന്ന കരച്ചിൽ വേറെ ഒരു [illegible] കൊട്ടിക്കേറുന്നതാണ്. മറന്നുപോയ പക്ഷികളൊക്കെ പുറത്തിരുന്ന് ഉള്ളിലിരിക്കുന്ന നമ്മെ നോക്കി കൊഞ്ഞനം കുത്തുന്നതായി തോന്നുന്നു. എല്ലാം കർമ്മഫലം...!

പറമ്പിലെ എല്ലാ വസ്തുക്കളുടെയും രുചി
അറിയാൻ തുടങ്ങിയിരിക്കുന്നു. അമ്മയുടെ നേതൃത്വത്തിലൂടെ
സ്ക്വാഡ് (ഞങ്ങൾ തന്നെ) പറമ്പിലിറങ്ങും. തൊടിയിലൂടെ
ചേമ്പും മുകളിൽ ഇരുന്ന് വിശ്രമിക്കുന്ന ചക്കയും ഞങ്ങ
ളെ കണ്ടാലൊന്നു വിറയ്ക്കും. ഒരു വെട്ട്...! ഒരു തട്ട്...!
പിന്നെ എല്ലാ പൊടിക്കൈകളും കഴിഞ്ഞ് നമ്മുടെ
പ്ലേറ്റിലെത്തും. ആരോഗ്യ പ്രവർത്തകരും കൊറോണയും
തമ്മിലുള്ള യുദ്ധം പൊടിപൊടിക്കുമ്പോൾ ഞാനും
വീട്ടുകാരും ചക്കയോടും, മാങ്ങയോടും എന്ന് വേണ്ട
പറമ്പിലുള്ള ഓരോ ചെടിയോടും യുദ്ധം പ്രഖ്യാ
പിച്ചിരിക്കുന്നു.

അവധിക്കാലത്ത് പെട്ടെന്നു കഴിയുമെന്ന് വിചാ
രിച്ചിരുന്നു... ഇന്ന് വെറുതെയെങ്കിലും ഒന്ന് പുറത്തിറ
ങ്ങി നടക്കാൻ പറ്റിയാൽ മതിയായിരുന്നു. നാടോടിക്കാറ്റിൽ
ശ്രീനിവാസൻ പറയുന്നതുപോലെ "എല്ലാത്തിനും
അതിന്റേതായ സമയമുണ്ട് ദാസാ". ആ സമയം എപ്പോ
ഴാണെന്നറിയാൻ വല്ല വഴിയുമുണ്ടായാൽ മതി, വെറു
തെയിരുന്ന് മടുക്കാനാകുന്നത് ഈ ലോക്ഡൗൺ
കാലത്ത് മാത്രമാണ്. മാവേലിയുടെ ആ പ്രസാദ്യമൊ
ന്നുമുണ്ടാകില്ലെങ്കിലും ഒരു കുട്ടി മാവേലിയാകാനുള്ള പ
ണിയൊക്കെ ഞാൻ നടത്തുന്നുണ്ട്. കലണ്ടറിനും
ക്ലോക്കിനും പഴയ വിലയൊന്നുമില്ല. ഇന്ന് എല്ലാ
സൂര്യനെ അടിസ്ഥാനമാക്കിയാണ് നീങ്ങുന്നത്. സൂര്യൻ
ഉച്ചിയിലെത്തിയാൽ എണീക്കാറായെന്നും, സൂര്യൻ
ഉദിക്കാറായാൽ ഉറങ്ങാറായി എന്നുമാണർത്ഥം, ഈ രീതി
തുടരാനുള്ള ആലോചനയും ഇല്ലാതില്ല. ആദ്യമായി
പറഞ്ഞാൽ 1995 മുതൽ തുടങ്ങിയ ചലച്ചിത്ര
ങ്ങൾ കാണുന്നുണ്ട്. ഇന്നലെ രാത്രിയിരുന്ന് കണ്ട
പടത്തിന് എന്റെ ഇരട്ടി പ്രായമുണ്ടായിരു
ന്നു. പലപ്പോഴും വർക്കൗട്ടിന്റെ ഭാരമൊന്നുമില്ലാ
തിരിക്കുന്ന വലിയ പരാതിയിലാണെന്നു തോന്നുമെങ്കിലും
ഇന്ന് മുമ്പിലുള്ളത് എല്ലാമെന്താണ്. ശൂന്യതാ...!

തികച്ചും ഇങ്ങനെയൊക്കെയാണെങ്കിലും ഈ ലോക്ഡൗൺ എനിക്ക് കുറച്ചെങ്കിലും ഒരു വ്യത്യസ്ത അനുഭവം തരാതിരുന്നില്ല. ഏകദേശം രണ്ടുമാസം മുഴുവൻ ഞാൻ വീട്ടുകാരോടൊപ്പം ചെലവഴിച്ചു. രാത്രി അവരുമൊത്തുള്ള ചീട്ട് കളിയും, കവടി കളിയും, എന്റെ Pubg ഗെയിമിനെ ലഹരിയാക്കുന്നതായിരുന്നു. അവരുടെയിടയിലൂടെ കൊച്ചുകൊച്ചു സന്തോഷങ്ങളും പിണക്കങ്ങളും ആസ്വദിക്കുന്നതിൽ ഞാൻ സംതൃപ്തനാണ്. അതുപോലെ ഫാസ്റ്റ് ഫുഡും, ജങ്ക് ഫുഡും, Swiggy ചെയ്തവയും നിർത്തിവിട്ടതും എനിക്കിന്ന് അന്യമാണ്. ഈ കൊച്ചു കൊച്ചു സന്തോഷങ്ങളിൽ ഞാൻ സംതൃപ്തി കണ്ടെത്തുന്നുണ്ട്. വീട്ടുകാരോടൊത്തുള്ള ഈ ലോക്ഡൗൺ ഞാനെന്റെ കൂടപ്പിറപ്പുകൾക്കുവേണ്ടി പ്രാർത്ഥിക്കാനും, വീട്ടുകാരോടൊത്ത് ചേർന്ന് എന്റെ ജീവിതത്തിലെ ഒരു സുവർണാവസരം തീർക്കാനും ഉപയോഗിച്ചതിന് കാവിലമ്മയോടെ നന്ദി...!.

ലോക്ഡൗണിൽ വീട്ടിൽ വട്ടപ്പിന്റെ അന്ത്യം അരുവിലെത്തിയാലും നമുക്ക് വേണ്ടി ആ മഹാമാരിക്കെതിരെ ചെറുത്തുനിൽപ്പ് നടത്തുന്ന സന്നദ്ധപ്രവർത്തകരെ ഒരിക്കലും മറക്കാനാകില്ല. വറ്റാത്ത കാരുണ്യത്തിന്റെ ഉറവകളും, സേവന സന്നദ്ധതയുടെ നിറഞ്ഞിരിക്കുന്ന മുഖങ്ങളും എനിക്കിന്ന് കാണാം. അവർക്കുവേണ്ടി എന്റെയൊരു BIGG SALUTE. നാട് മുഴുവൻ നിയന്ത്രണങ്ങൾ ഉറപ്പുവരുത്തുന്ന പോലീസുകാരും, സ്വന്തം ജീവൻ പോലും വകവയ്ക്കാതെ പ്രവർത്തിക്കുന്ന ആരോഗ്യപ്രവർത്തകരും, ലാഭം നോക്കാതെ ഭക്ഷണ വിതരണം നടത്തുന്ന സന്നദ്ധപ്രവർത്തകരുമൊക്കെ അടങ്ങുന്ന നീണ്ട കണ്ണികളെ ഇന്നലെ വന്ന കൊറോണയ്ക്ക് ഒട്ടുമേ മുറിക്കാനാകില്ല. നാം അതിജീവിക്കും കാരണം ഇത് AREA വേറെയാണ് "ദൈവത്തിന്റെ സ്വന്തം നാട്".

ജയ്ഫിൻ.

CS Scanned with CamScanner